ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) തൊഴിലില്ലായ്മ കുറയ്ക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുന്നത് തൊഴിൽ വകുപ്പല്ല. പ്രഖ്യാപിതമാകുന്ന തൊഴിൽ നയത്തിൽ തൊഴിലില്ലായ്മ പ്രത്യക്ഷമായി കുറയ്ക്കാനുള്ള പദ്ധതി ഉണ്ടാവുകയില്ല.

(സി) തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) & (ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള തൊഴിൽ നിയമങ്ങൾ തൊഴിൽദായകനും തൊഴിലാളിയും യഥാവിധി നടപ്പിലാക്കുന്നുണ്ടോ എന്നു പരിശോധിക്കലാണ് തൊഴിൽ വകുപ്പിന്റെ ചുമതല. തൊഴിലില്ലായ്മ പരിഹരിക്കൽ ലേബർ കമ്മീഷണറുടെ കീഴിലുള്ള തൊഴിൽ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമല്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് ജി.ഒ(പി)നമ്പർ 40/99/തൊഴിൽ തീയതി 30-3-1999 എന്ന ഉത്തരവുമൂലം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി മൂലം 24000 രൂപയിൽ കൂടുതൽ വാർഷിക വരുമാനം ഇല്ലാത്തവർക്കും 50,000 രൂപ വരെ സബ്സിഡിയുള്ള വായ്പ ധനകാര്യ സ്ഥാപനങ്ങൾ വഴി നല്കി വരുന്നുണ്ട്.

(എഫ്) 31-1-2000 വരെയുള്ള കണക്കു ലഭ്യമായിട്ടില്ല. എംപ്ലോയമെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ കണക്കുകൾ പ്രകാരം 31-12-1999 വരെ 3900641 തൊഴിൽരഹിതർ ഉണ്ട്.

ലേബർ അജണ്ട - 2000

68 (232) ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് ലേബർ അജണ്ട - 2000 എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രധാന ഇനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) അസംഘടിതരായ തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സൗജന്യ ഇൻഷ്വറൻസ് ഇല്ലാത്ത നിലയിൽ ഈ പദ്ധതി നടപ്പിലാക്കണമോ അഥവാ നാമമാത്രമായ ഗഡുക്കളും സർക്കാർ സഹായവും കൂടി ചേർത്ത് നടപ്പിലാക്കണമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

ബീഡി-സിഗാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

69 (233) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ .പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു സ്ഥലങ്ങളിൽ പുകവലി നിരോധനം ഏർപ്പെടുത്തിയതിനാൽ ബീഡി-സിഗാർ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ കണക്ക് വ്യക്തമാക്കാമോ ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ കണക്ക് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ബീഡി-സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ ബീഡി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കുറയുവാൻ ഉള്ള സാദ്ധ്യതയുണ്ടെന്നും തൻമൂലം ഈ ബോർഡിന്റെ നിലനിൽപ്പ് അപകടത്തിലാവുമെന്നും അറിയിച്ചിട്ടുണ്ട്. അനന്തര നടപടികൾക്കായി ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം

70 (234) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം വിശദീകരിക്കാമോ ;

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68(232) ന്റെ 'ബി'യുടെ ഉത്തരം ദയവായി കാണുക..]

കേരള സർക്കാർ - തൊഴിൽ വകുപ്പ്

<u>ലേബർ അജണ്ട - 2000</u>

അടുത്ത നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പ് വരുത്താൻ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പത്തിന കർമ്മ പദ്ധതിയാണ് ലേബർ അജണ്ട- 2000 പുതിയ തൊഴിൽ നയത്തിന്റെ അവിഭാജ്യ ഘടകമായിരിക്കും ഇവ.

ലേബർ അജണ്ട -2000-ൽ ഉൾപ്പെടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലാളികൾക്ക് അവശ്യഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ഒരു ലേബർ ബാങ്ക് സ്ഥാപിക്കുക.

2. ആഗോളവത്കൃത സമൂഹത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാനും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽ രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി അന്തർദേശീയ നിലവാരത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുക. കേരള ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (KILE) പുനഃസംഘടിപ്പിച്ചായിരിക്കും ഇത്.

3. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിച്ച് പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുക.

4. തൊഴിലാളികളുടെ സുരക്ഷക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.

5. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു ലേബർ അതോറിറ്റി രൂപീകരിക്കുക.

6. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ.എസ്.ഐ കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കുക. ഇത് കേന്ദ്ര കോർപ്പറേഷന്റെ സബ് സിഡിയറിയായി പ്രവർത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

7. ആഗോള ഗ്രാമത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കേരളത്തിലെ വിദഗ്ദ്ധ തൊഴിലാളികളെ മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കാനും വിദേശ രാജ്യങ്ങളിൽ സംയുക്തമേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാനും എംബസികളുമായി സഹകരിച്ച് ഒഡോപെക് കർമ്മ പദ്ധതി നടപ്പാക്കുക.

8. വ്യവസായ തർക്ക നിയമങ്ങളിലും ട്രേഡ് യൂണിയൻ നിയമങ്ങളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തുക.

9. വിവിധ വകുപ്പുകളെയും, തൊഴിലാളി യൂണിയനുകളെയും, സന്നദ്ധ സംഘടനകളെയും സഹകരിച്ച് തൊഴിലാളികൾക്കിടയിൽ വിശപ്പിൽ നിന്ന് വിമോചനം (Freedom from Human) പദ്ധതി നടപ്പിലാക്കുക.

10. പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

അനുബന്ധം XI

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (245) ന്റെ 'എഫ്' ഉത്തരം ദവയായി കാണുക]

ആലപ്പുഴ

1. എലിസബത്ത് ബനഡിക്ട്, മനയിൽ ഹൗസ്, പട സൗത്ത്, കരുനാഗപ്പള്ളി പി.ഒ., കൊല്ലം.

2. ചന്ദ്രമണി.ജെ. കരിപ്പുത്തറ ഹൗസ്, താമല്ലാക്കൽ തെക്ക്, കാട്ടിൽ മാർക്കറ്റ് പി.ഒ., ഹരിപ്പാട്.

3. ഐറീനാ .റ്റി.ജി., ഗോകുലം, കോട്ടക്കുപുറം, ക്ലാപ്പന പി.ഒ., വളളിക്കാവ്

4. മിനി.എം., ബിജു മന്ദിരം, കോട്ടക്കകം, മുട്ടം പി.ഒ., ഹരിപ്പാട്.

5. സി. കുഞ്ഞുമോൾ, മരപ്പുറത്ത്, റജിഭവൻ, കുമാരപുരം പി.ഒ., ഹരിപ്പാട്.

6. മനോജ്. സി., മഠശ്ശേരിൽ, ആയാപ്പറമ്പ് പി.ഒ., ചെറുതന, ഹരിപ്പാട്.

LIBRARY ARCHIVES Kerala Legislative Assembly